# إرشـــاد الأئـــمـة


تحت إشراف الأمانة عرفة للثقافة والخيرية، نلكزى، ارناكلم، كيرلا
(Arafa Cultural & Charitable Trust, Nellikuzhi. Ernakulam)
للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨
الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥


**തീയതി: 06/07/2018.**

**വിഷയം: “ വിതച്ചതേ കൊയ്യൂ ”**

هَلْ جَزَاءُ الْإِحْسَانِ إِلَّا الْإِحْسَانُ ﴿رحمن: ٦٠﴾

➢ എല്ലാ മനുഷ്യരുടെയും ആഗ്രഹം തന്റെ കാര്യങ്ങൾ വിജയം വരിക്കണമെന്നാണ്. പഠനം, തൊഴിൽ, കച്ചവടം, കൃഷി, രാഷ്ട്രീയം... എല്ലാം. അതിനായി നിരന്തരം ദുആ ചെയ്തുകൊണ്ടിരിക്കുന്നു. നേർച്ച, ദിക്ർ, സ്വലാത്തുകൾ, സ്വദഖ... തുടങ്ങിയ നല്ല കാര്യങ്ങളുമായി ബന്ധപ്പെടുന്നു. ഇതെല്ലാം വിജയം വരിക്കാനാണ്.

➢ ഏതൊരു സംഗതിയും വിജയിക്കണമെങ്കിൽ രണ്ട് കാര്യങ്ങൾ നാം പൂർത്തിയാക്കേണ്ടതുണ്ട്. ഒന്ന്: ലക്ഷ്യബോധമാണ്. എന്ത് ചെയ്യുമ്പോഴും ഒരു ലക്ഷ്യം മുന്നിൽ കാണണം. ലക്ഷ്യമില്ലാത്ത ഒരു പ്രവൃത്തിയും വിജയിക്കില്ല. ലക്ഷ്യമില്ലാത്ത ഒരു യാത്ര പോലും ദീൻ ഇഷ്ടപ്പെടുന്നില്ല. അത്തരക്കാരെ هائم എന്നാണ് പറയുക. അവർക്ക് ജംഉം ഖസ്റും പോലും പറ്റില്ല. കാരണം ഇന്ന സ്ഥലത്ത് എത്തണം എന്ന ലക്ഷ്യം അവർക്കില്ല. ചുരുക്കത്തിൽ എന്തിനും ഒരു ലക്ഷ്യം വേണം.

أَفَحَسِبْتُمْ أَنَّمَا خَلَقْنَاكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لَا تُرْجَعُونَ ﴿مؤمنون: ١١٥﴾

➢ രണ്ട്: ലക്ഷ്യം നേടാൻ ഉപകരിക്കുന്ന ആസൂത്രിതമായ പ്രവർത്തനങ്ങൾ ഉണ്ടാകണം.

ഉദാ: ഒരു കച്ചവട സ്ഥാപനം. രാവും പകലും അതിനുവേണ്ടി കഷ്ടപ്പെടണം. ഊണും ഉറക്കവും സമയത്ത് നടക്കില്ല. വീട്ടിലെ, കുടുംബത്തിലെ പല കാര്യങ്ങൾക്കും സമയത്ത് എത്താൻ കഴിയില്ല. അതിനം പുറമെ സമാന സ്ഥാപനങ്ങളുടെ മാത്സര്യം, ലാഭക്കുറവ്, കടം പോകൽ, ടെൻഷൻ, നിയമക്കുരുക്കുകൾ ഇങ്ങനെ അനേകം പ്രശ്നങ്ങളെ മറികടക്കണം. ഇങ്ങനെ ത്യാഗം നിറഞ്ഞ, നിരന്തര പ്രവർത്തനം കൊണ്ടേ വിജയിക്കാനാകൂ.

➢ നമ്മുടെ മക്കളുടെ കാര്യത്തിലും ഇത് തന്നെയാണ് സ്ഥിതി. ഒന്ന്: ദുൻയാവിലും ആഖിറത്തിലും അവർ വിജയിക്കണമെന്നതാകണം നമ്മുടെ ലക്ഷ്യം.

ദുൻയാവിന്റെ എല്ലാ വിജയങ്ങളും അവർക്ക് നാം ആഗ്രഹിക്കുന്നു. (വിദ്യാഭ്യാസം, തൊഴിൽ, സമ്പത്ത്, വിവാഹം, സൗകര്യങ്ങൾ) അതിനു വേണ്ടി വലിയ ത്യാഗം സഹിക്കുന്നു. ധനം ചെലവു ചെയ്യുന്നു. നല്ല കാര്യമാണത്. കാരണം ദുൻയാവിൽ ആരുടെ മുന്നിലും തല കുനിക്കാതെ ജീവിക്കാൻ അവർക്ക് കഴിയണം. സഅദ്ബ്നു അബീ വഖാസ്(റ) നോട് നബി(സ) പറഞ്ഞ ഒരു ഉപദേശം പ്രസക്തമാണ്.

عَنْ عَامِرِ بْنِ سَعْدٍ، عَنْ أَبِيهِ، قَالَ: " مَرِضْتُ بِمَكَّةَ مَرَضًا أَشْفَيْتُ مِنْهُ عَلَى الْمَوْتِ، فَأَتَى النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ , يَعُودُنِي، فَقُلْتُ: يَا رَسُولَ اللَّهِ أَتْرُكُ مَالًا كَثِيرًا، وَلَيْسَ يَرِثُنِي إِلَّا أُنْثَى، أَفَأَتَصَدَّقُ بِمَالِي كُلِّهِ؟ قَالَ: «لَا» قُلْتُ: فَالثُّلُثَيْنِ؟ قَالَ: «لَا» ، قُلْتُ: فَالشَّطْرُ؟ قَالَ: «لَا» قُلْتُ: فَالثُّلُثُ؟ قَالَ: «الثُّلُثُ، وَالثُّلُثُ كَثِيرٌ، إِنَّكَ إِنْ تَتْرُكْ وَرَثَتَكَ أَغْنِيَاءَ، خَيْرٌ مِنْ أَنْ تَتْرُكَهُمْ عَالَةً يَتَكَفَّفُونَ النَّاسَ

(بخاري)

(=നിന്റെ അനന്തരാവകാശികൾ ജനങ്ങളുടെ മുന്നിൽ കൈനീട്ടുന്നവരായി വിട്ടേച്ചു പോകുന്നതിനേക്കാൾ ഉത്തമം അവരെ സമ്പന്നരാക്കി വിട്ടേച്ചു പോകലാണ്.)

തനിക്കും കുടുംബത്തിനും ജീവിത സൗകര്യങ്ങൾ ഉണ്ടാകുന്നതിനെ നബി(സ്വ) എതിർത്തിട്ടില്ല. മറിച്ച് ദുനിയാവിനോടുള്ള മഹബ്ബത്തും അതിനു വേണ്ടി എന്തും ചെയ്യാനുള്ള മനസ്സും ഉണ്ടാകുന്നതിനെയാണ് നബി(സ്വ) എതിർത്തത്. ചുരുക്കത്തിൽ നമ്മുടെ മക്കൾക്ക് ഭൗതീക വിജയം ഉണ്ടാകുന്നത് നല്ല കാര്യമാണ്.

➢ എന്നാൽ ദുൻയാവിന്റെ വിജയം കൊണ്ട് മാത്രം മതിയാക്കരുത്. ആഖിറമാണ് നമ്മുടെ മടക്കസ്ഥലം. അവിടെയാണ് യഥാർത്ഥ ജീവിതം.

بَلْ تُؤْثِرُونَ الْحَيَاةَ الدُّنْيَا * وَالْآخِرَةُ خَيْرٌ وَأَبْقَىٰ ﴿أعلي: ١٦،١٧﴾

അവിടെയും മക്കൾ വിജയിക്കണം. പരാജയപ്പെടരുത്. കർമ്മ-ധർമ്മങ്ങൾക്ക് മുഖം നോക്കാതെ പ്രതിഫലം നൽകുന്ന നാളാണത്.

وَاتَّقُوا يَوْمًا تُرْجَعُونَ فِيهِ إِلَى اللَّهِ ۖ ثُمَّ تُوَفَّىٰ كُلُّ نَفْسٍ مَّا كَسَبَتْ وَهُمْ لَا يُظْلَمُونَ ﴿البقرة: ٢٨١﴾

➢ രണ്ട്: ഈ ലക്ഷ്യം നേടാൻ ആവശ്യമായ പ്രവർത്തനങ്ങൾ മക്കളുടെ കാര്യത്തിൽ നാം പൂർത്തിയാക്കണം.

ചെയ്യേണ്ടത് ചെയ്യാതെ ആഗ്രഹം കൊണ്ടുമാത്രം ലക്ഷ്യം നേടാനാവില്ല. ദുൻയാവിന്റെ കാര്യത്തിൽ നാം ഈ നിലപാട് സ്വീകരിക്കാറില്ല. അപ്പോൾ ആഖിറത്തിന്റെ കാര്യത്തിലും അത് തന്നെയാണ് സ്ഥിതി.

നബി(സ്വ) പോലും ത്യാഗം നിറഞ്ഞ പ്രവർത്തനങ്ങളിലൂടെയാണ് ലക്ഷ്യം പൂർത്തിയാക്കിയത്. വെറും ദുആ കൊണ്ട് മാത്രമല്ല. അമ്പിയാ, ഔലിയാക്കളുടെയെല്ലാം ചരിത്രം ഇതാണ്.

➢ ഒപ്പം നമ്മുടെ മാതാപിതാക്കൾക്ക് നാം നല്ല മക്കളായി തീരുകയും വേണം. അവരോട് നാം എങ്ങനെയാണോ അതുപോലെയായിരിക്കും നമ്മോട് നമ്മുടെ മക്കളും. നാം നമ്മുടെ മാതാപിതാക്കൾക്ക് നല്ലവരായാൽ നമ്മുടെ മക്കൾ നല്ലവരാകും.

هَلْ جَزَاءُ الْإِحْسَانِ إِلَّا الْإِحْسَانُ ﴿رحمن: ٦٠﴾

كَمَا تَدِينُ تُدَانُ എന്നത് ദീനിലെ അംഗീകൃത ആശയമാണ്.

(=നീ ചെയ്യുന്നത് പോലെ നിന്നോട് ചെയ്തിരിക്കും)

قَالَ رَسُولُ اللَّهِ (ص): البِرُّ لا يَبْلَى، وَالإِثْمُ لَا يُنْسَى، وَالدَّيَّانُ لَا يَمُوتُ، فَكُن كَمَا شِئتَ، كَمَا تَدِينُ تُدَانُ (عبد الرزاق/ البيهقي)

(=നന്മ നശിക്കുകയില്ല, പാപം മറക്കുകയില്ല, അല്ലാഹു മരിക്കില്ല, നീ നിന്റെ ഇഷ്ടം പോലെ ജീവിച്ചുകൊള്ളുക. നീ ചെയ്യുന്നത് പോലെ നിന്നോട് ചെയ്തിരിക്കും)

يقول المُناوي: (لَا يَبْلَى) أَي لَا يَنْقَطِعُ ثَوابُهُ وَلَا يُضِيعُ بَلْ هُوَ بَاقٍ عِندَ اللهِ تعالى (وَالذَّنْبُ لَا يُنْسَى) أَيْ لَا بُدَّ أَنْ يُجَازَى عَلَيْهِ (فيض القدير)

➢ നാം മറ്റൊരാളെ പ്രയാസപ്പെടുത്തിയാൽ അത് നമുക്ക് തിരിച്ച് കിട്ടാതിരിക്കില്ല. നാം മരിക്കുന്നതിന് മുമ്പ് അത് നമുക്ക് തിരിച്ച് കിട്ടിയിരിക്കും.

عَنْ مُعَاذِ بْنِ جَبَلٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَنْ عَيَّرَ أَخَاهُ بِذَنْبٍ لَمْ يَمُتْ حَتَّى يَعْمَلَهُ (ترمذي)

(= ആരെങ്കിലും തന്റെ സഹോദരനെ ഒരു പാപത്തിന്റെ പേരു പറഞ്ഞ് ആക്ഷേപിച്ചാൽ മരണത്തിന്റെ മുമ്പ് അത് അവൻ ചെയ്യാതിരിക്കില്ല) മറ്റുള്ളവരെ വേദനിപ്പിച്ചാൽ അത് തിരിച്ചടിക്കുമെങ്കിൽ നമ്മുടെ മാതാപിതാക്കളോടായാൽ അത് നമ്മുടെ മക്കളിലൂടെ തിരിച്ചടിക്കുമെന്ന് ഉറപ്പാണ്.

നാം വിതച്ചത് നാം തന്നെ കൊയ്യും. നമ്മുടെ മക്കൾ നന്നാകാൻ നമ്മുടെ മാതാപിതാക്കൾക്ക് നാം നല്ലവരാകേണ്ടതുണ്ട്.

∆ ∆ ∆